**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 83** **22-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | (എ) | സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി 26.06.2018 -ലെ സ.ഉ.(കൈ) നം. 232/2018/ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയിലേക്ക് ഏതെല്ലാം രീതിയിൽ ഫണ്ട് സമാഹരണം നടത്തുന്നുണ്ടെന്നും ഇത്തരം ഫണ്ടുകൾ എവിടെയാണ് സൂക്ഷിക്കുന്നതെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കൺസോർഷ്യത്തിൽ നിന്നും, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ, മോട്ടോർ വാഹന ക്ഷേമ നിധി ബോർഡ് എന്നിവയിൽ നിന്നും ആണ് കമ്പനി ഫണ്ട് സമാഹരണം നടത്തിയിട്ടുള്ളത്. ഇത്തരം ഫണ്ടുകൾ കമ്പനിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലും സ്റ്റേറ്റ് ബാങ്ക്, കേരള ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുടെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. |
| (സി) | ഈ കമ്പനി എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്രവിഹിതം കൈകാര്യം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (സി) | എൻ. എസ്. എ. പി. മുഖേനയുള്ള കേന്ദ്ര വിഹിതം കൂടി ഉൾപ്പെടുത്തിയാണ് കമ്പനി പെൻഷൻ വിതരണം ചെയ്യുന്നത്. |
| (ഡി) | മേൽപ്പറഞ്ഞ കമ്പനിയിലേക്ക് എത്തുന്ന ഫണ്ടുകൾ ഏതെങ്കിലും രീതിയിൽ വക മാറ്റുകയോ ഇതര ആവശ്യങ്ങൾക്കായി മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ